# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 3512

24.06.2013-ലെ മറുപടിക്ക്

### പുതിയ ജയിലുകൾ സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.വി.ഡി.സതീശൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പുതിയ ജയിലുകൾ സ്ഥാപിക്കുവാനും നിലവിലുള്ള ജയിലുകളുടെ ശേഷി വർദ്ധിപ്പിക്കാനും കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കുവാനായി വിവിധ ജില്ലകളിലായി പുതിയ ജയിലുകൾ ആരംഭിക്കുവാനായി പദ്ധതിയ്ക്ക് രൂപം കൊടുക്കുകയും നിലവിലുള്ള സബ് ജയിലുകളിൽ 10 എണ്ണം സ്പെഷ്യൽ സബ് ജയിലുകളായും രണ്ട് സ്പെഷ്യൽ സബ് ജയിൽ ഉൾപ്പടെ 5 സ്ഥാപനങ്ങൾ ജില്ലാ ജയിലുകളായും ഉയർത്തിയിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഓരോ ജില്ലകളിലേയും കോടതികളിൽ നിന്നുള്ള റിമാന്റ്/ശിക്ഷാ തടവുകാരെ അതാത് ജില്ലകളിൽ തന്നെ പാർപ്പിക്കുവാൻ തടവുകാരുടെ ബാഹുല്യം കാരണം പലപ്പോഴും സാധിക്കാറില്ല. കോടതികൾക്ക് സമീപം ജയിലുകളില്ലാത്തതിനാൽ തടവുകാരെ കോടതിയിലേയ്ക്ക് കൊണ്ടുപോകുന്നതിന് 'എസ്കോർട്ട്' പോകുന്ന പോലീസുകാരുടെ സേവനം മറ്റ് ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉപയോഗിക്കാനാകാതെ വരുന്നുണ്ട്. അസുഖബാധിതരായ തടവുകാർക്കും ദീർഘ യാത്രയിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. യാത്രാചെലവിലേയ്ക്കായി സർക്കാരിന് നല്ലൊരു തുക ചെലവാക്കേണ്ടിവരുന്നു. |

| | |
|---|---|
| സി) ഇതിനുള്ള ചെലവ് എങ്ങനെ കണ്ടെത്താനാണുദ്ദേശിക്കുന്നത്; | സി) പുതിയ ജയിലുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി ആയത് ജയിൽ വകുപ്പിന് ലഭിക്കുകയാണെങ്കിൽ ജയിൽ സ്ഥാപിക്കുന്നതിനായുള്ള ഫണ്ട് കേന്ദ്രാവിഷ്കൃത പദ്ധതിയിലോ കേന്ദ്ര സർക്കാരിന്റെ ധനകാര്യ കമ്മീഷൻ അവാർഡിലോ ഉൾപ്പെടുത്തി കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) പുതിയ ജയിലുകൾ സ്ഥാപിക്കുന്നതിനായി അനുയോജ്യവും പര്യാപ്തവുമായ ഭൂമി കണ്ടെത്തുന്നതിനായി വകുപ്പിൽ നിന്നുള്ള ഏതാനം പേരെ നോഡൽ ഓഫീസർമാരായി നിയോഗിക്കുകയും, നടപടികൾ പുരോഗമിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ